"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ- ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 242/2010 നമ്പർ കേസിലെ ബാലൻസ് വിധക്കടത്തുക '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1509/2025/LSGD തീയതി, തിരുവനന്തപുരം, 19-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 242/2010 നമ്പർ കേസിന്മേലുള്ള 20/12/2014 തീയതിലെ വിധിന്യായം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2015 തീയതിലെ കെ9-79335/2015 നമ്പർ നടപടിക്രമം.
3. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.

4). തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24/05/2025 തീയതിയിലെ എ3/1401/2010/ടിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 242/2010 നമ്പർ കേസിലെ ബാലൻസ് വിധക്കടത്തുകയായ 50,79,399/- രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി മുന്നൂറ്റിതൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ- ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 800/2-1 (എൽ.എ. റീസർവ്വേ നമ്പർ 800/26)-ൽപ്പെട്ടതും ശ്രീ. എ. രാജന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.38 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 242/2010 നമ്പർ കേസിലെ ബാലൻസ് തുകയായ 50,79,399/- രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. രാജൻ എ. (S/o അപ്പുക്കുട്ടൻ നായർ, ശ്രീലക്ഷ്മി,

റ്റി.സി.76/1260(2), പള്ളിമുക്ക്, കടകംപ്പള്ളി, തിരുവനന്തപുരം) എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. രാജൻ എ., S/o അപ്പുക്കുട്ടൻ നായർ, ശ്രീലക്ഷ്മി, റ്റി.സി.76/1260(2), പള്ളിമുക്ക്, കടകംപ്പള്ളി, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/168/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 19-06-2025 16:04:08

സെക്ഷൻ ഓഫീസർ